02-10-2021

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –02/10/2021

1. പതിനാലാം പഞ്ചവത്സര പദ്ധതിയുമായും 2022 - 23 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം കർഷകർക്ക് ലഭ്യമാക്കുന്നതിനായി നിലവിലെ പദ്ധതികളിൽ ഭേദഗതികളും മാറ്റങ്ങളും ആവശ്യമുണ്ടെന്ന സാഹചര്യത്തിൽ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നവീന ആശയങ്ങളും വാർത്തകളും പുരോഗമന കർഷകരിൽനിന്നും കാർഷിക മേഖലയിലെ മറ്റ് ഇതര വിഭാഗങ്ങളിൽ നിന്നും ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച ആശയങ്ങളും ശുപാർശകളും സമർപ്പിക്കുവാൻ താല്പര്യമുള്ളവർ താഴെ പറയുന്ന വാട്സ്ആപ്പ് നമ്പരുകളിലൂടെ 06.10.2021 തീയതിക്കുള്ളിൽ അറിയിക്കേണ്ടതാണ്.

| ജില്ല | വാട്സ് ആപ്പ് നമ്പർ |
|---|---|
| തിരുവനന്തപുരം | 9447242231 |
| കൊല്ലം | 9446082795 |
| പത്തനംതിട്ട | 9495682793 |
| ആലപ്പുഴ | 9495211432 |
| കോട്ടയം | 9383470706 |
| എറണാകുളം | 9446502252 |
| ഇടുക്കി | 9447980027 |

| ജില്ല | വാട്സ് ആപ്പ് നമ്പർ |
|---|---|
| തൃശ്ശൂർ | 9446537419 |
| മലപ്പുറം | 9447596515 |
| പാലക്കാട് | 9745311595 |
| കോഴിക്കോട് | 9383471781 |
| കണ്ണൂർ | 9400528619 |
| വയനാട് | 9447186498 |
| കാസർഗോഡ് | 9744961357 |

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും വിളകൾക്ക് മുന്തിയ വില ഉറപ്പാക്കുന്നതിനും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്കരണം, വിപണനം എന്നീ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിനുമായി നടപ്പിലാക്കുന്ന **കണ്ടെയ്നർ മോഡ് പ്രോക്യുർമെന്റ് പ്രോസസിംഗ് സെന്റർ (CMPC) പദ്ധതി** പ്രകാരം ധന സഹായം നൽകുന്നു. പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് പരമാവധി 4 ലക്ഷം രൂപയും അൻപതിനായിരം രൂപ റിവോൾവിങ്ങ് ഫണ്ടും ഉൾപ്പെടെ 50% ആണ് ധനസഹായം ലഭിക്കുന്നത്. ഹോർട്ടികോർപ്പ്, സ്റ്റാർട്ടപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ,

പഞ്ചായത്തുകൾ, മറ്റ് ഗവൺമെന്റ് ഏജൻസികൾ എന്നിവർക്കും ഗുണഭോക്താക്കളാകാം. ഇവർക്ക് പരമാവധി 8 ലക്ഷം രൂപയും ഒരുലക്ഷം രൂപ രൂപ റിവോൾവിങ്ങ് ഫണ്ടും ഉൾപ്പെടെ 100% വരെ ധനസഹായം ലഭിയ്ക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കാർഷിക വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ബ്ലോക്കുകളിലും ഒരു കർഷകമിത്രയെ തിരഞ്ഞെടുക്കുന്നു. കാർഷിക അടിസ്ഥാനമുള്ള കുടുംബത്തിൽ ഉള്ളവർക്ക് മുൻഗണന ലഭിയ്ക്കുന്നതാണ്. അപേക്ഷകൾ **ഈ മാസം ആറാം** തീയതിയ്ക്ക് മുൻപായി അതാത് കൃഷിഭവനുകളിലോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലോ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാത് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസുമായോ/ കൃഷിഭവനുമായോ ബന്ധപ്പെടുക.

4. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ പശു, എരുമ എന്നിവയ്ക്ക് ഒക്ടോബർ 5 മുതൽ 21 ദിവസം നീളുന്ന രണ്ടാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് യജ്ഞം നടത്തുന്നു. ഇതിലേക്ക് വാക്സിനേറ്റർ, സഹായികൾ എന്നിവരിൽ നിന്നും മൃഗസംരക്ഷണ വകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. സർവീസിൽ നിന്നും വിരമിച്ച ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാർ, ഫീൽഡ് ഓഫീസർമാർ, സർവ്വീസിലില്ലാത്തതും കേരള വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ളതുമായ വെറ്ററിനറി ഡോക്ടർമാർ എന്നിവർക്ക് വാക്സിനേറ്ററായി അപേക്ഷിക്കാവുന്നതാണ്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും വിരമിച്ച അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ, 18 വയസ്സിനു മുകളിൽ പ്രായമുള്ള വി.എച്ച്.എസ്.സി പാസായവർ, കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയവർ, ആപ്തമിത്ര വോളന്റിയർമാർ ( കോട്ടയം ജില്ലയിൽ മാത്രം), സാമൂഹിക സന്നദ്ധ വോളന്റിയർമാർ എന്നിവർക്ക് സഹായികളായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയോഡേറ്റയും ആധാർ കാർഡിന്റെ കോപ്പിയുമായി നേരിട്ട് **തങ്ങൾ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻ കീഴിലുള്ള മൃഗാശുപത്രിയിലെ** ചീഫ് വെറ്ററിനറി ഓഫീസറുടേയോ സീനിയർ വെറ്ററിനറി ഓഫീസറുടേയോ വെറ്ററിനറി സർജന്റേയോ മുമ്പാകെ ഇന്ന് (ഒക്ടോബർ 02-ന്) ഉച്ചയ്ക്ക് 12 മണിയ്ക്ക് മുൻപായി ഹാജരാകേണ്ടതാണ്.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പാവൽ, വെണ്ട, പയർ തുടങ്ങിയ പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധതരം

അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലുള്ള പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmannuthy@kau.in എന്ന ഇ-മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

6. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 7, 8 (7.10. 2021, 8.10.2021) തീയതികളിൽ **'മുട്ടക്കോഴി വളർത്തൽ'** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നടത്തുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ **04829 –234323** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 7,8 (07.10.2021, 08.10.2021) തീയതികളിൽ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്

**കാർഷിക നിർദ്ദേശങ്ങൾ**

8. വാഴയിൽ **പനാമ വാട്ടരോഗം** വരാതിരിക്കാനുള്ള മുൻകരുതലുകൾ. നടുന്നതിനു മുൻപേ വാഴക്കന്നുകൾ **കാർബെണ്ടാസിം** ( രണ്ട് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) ലായനിയിൽ ഇരുപതു മിനിറ്റു നേരം മുക്കിവെക്കുക. വാഴത്തടത്തിൽ **സ്യൂഡോമോണാസ്** (20ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ലായനി കുതിർക്കുക. രോഗം പ്രത്യക്ഷപ്പെട്ടാൽ രോഗം ബാധിച്ച വാഴകൾ വിഴുതു കളഞ്ഞു കുഴികളിൽ ഒരു കിലോഗ്രാം വീതം കുമ്മായം വിതറുക. പിഴുത വാഴകൾ തോട്ടത്തിൽ തന്നെ ഇടരുത്. ചുറ്റുമുള്ള വാഴകളുടെ തടത്തിൽ **കാർബെണ്ടാസിം** (2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ലായനി കുതിർക്കുക. **പ്രൊപികോണാസോൾ** (ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ഇലകളിൽ തളിക്കുക.